LIBRARY ARCHIVES Kerala Legislative Assembly

മൾട്ടി സിസ്റ്റം ഇൻഫ്ലമേറ്ററി സിൻഡ്രോം (MIS-C) എന്നത് വൈറൽ രോഗങ്ങൾ കുട്ടികളിൽ ഉണ്ടാക്കാവുന്ന രോഗങ്ങളുടെ ഒരു ശ്രേണിയാണ്. ശരീരത്തിലെ മിക്ക അവയവങ്ങളെയും കോശങ്ങളെയും ഒരുപോലെ ബാധിക്കാവുന്ന ഈ രോഗം കോവിഡ്-19 വന്ന കുട്ടികളിലും കോവിഡ് മുക്തരായ കുട്ടികളിലും കണ്ടുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മൂന്നാം തരംഗത്തിൽ കുട്ടികളെയാണ് രോഗം കൂടുതലായി ബാധിക്കുക എന്ന ആശങ്ക ലോകമെമ്പാടും നിലനിൽക്കുന്ന സാഹചര്യത്തിൽ കേരളത്തിലും കുട്ടികൾക്ക് വേണ്ടിയുള്ള ചികിത്സാ സംവിധാനങ്ങൾ വർദ്ധിപ്പിക്കുന്നതിനു വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. താലൂക്ക് ആശുപത്രി, ജില്ലാ ആശുപത്രി, ജനറൽ ആശുപത്രി, സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി, അമ്മയും കുഞ്ഞും ആശുപത്രി എന്നിവിടങ്ങളിൽ High Dependency Unit സ്ഥാപിക്കുന്നതിനുവേണ്ട ക്രമീകരണങ്ങളേർപ്പെടുത്തിയിട്ടുണ്ട്. എല്ലാ മെഡിക്കൽ കോളേജുകളിലും ഏറ്റവും കുറഞ്ഞത് പത്ത് പീഡിയാട്രിക് ഐ.സി.യു. കിടക്കകൾ സജ്ജീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ, രോഗമുള്ളവരുമായി കുട്ടികൾ അകലം പാലിക്കുന്നുണ്ടെന്ന് രക്ഷാകർത്താക്കൾ ഉറപ്പുവരുത്തേണ്ടതും മറ്റുള്ളവരെപ്പോലെതന്നെ കുട്ടികളും എസ്.എം.എസ്. പ്രതിരോധം പാലിക്കേണ്ടതുമാണ്. ഇതിനായുള്ള അവബോധം മീഡിയ വഴി നിരന്തരമായി നൽകുന്നുണ്ട്.

കോവിഡ് പ്രതിരോധ വാക്സിനേഷൻ സംവിധാനത്തിലെ പോരായ്മകൾ

264 (4989) ശ്രീ. ടി. വി. ഇബ്രാഹിം:

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:

ശ്രീ. കെ. പി. എ. മജീദ്:

ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ ഏർപ്പെടുത്തിയിരിക്കുന്ന കോവിഡ് പ്രതിരോധ വാക്സിനേഷൻ സംവിധാനം സാധാരണക്കാർക്ക് പ്രയോജനകരമല്ലെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ?

കോവിഡ്-19-ന്റെ ഫലപ്രദമായ പ്രതിരോധത്തിനായി അർഹരായ എല്ലാവർക്കും എത്രയുംപെട്ടെന്ന് വാക്സിനേഷൻ ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടെ എല്ലാവിധ പ്രവർത്തനങ്ങളും നടത്തിവരുന്ന സംസ്ഥാനമാണ് കേരളം. 4-8-2021 വരെ സംസ്ഥാനത്ത് 2,12,08,758 ഡോസ് വാക്സിൻ നൽകുകയുണ്ടായി. ഇതിൽ സാധാരണക്കാരും മുൻനിര പോരാളികളും മുതിർന്നവരും കിടപ്പുരോഗികളും ഗർഭിണികളും മുൻഗണനാടിസ്ഥാനത്തിലുള്ളവരും 18 വയസ്സിന് മുകളിൽ പ്രായമുള്ളവരും ഉൾപ്പെട്ടിട്ടുണ്ട്.

(ബി) ഓൺലൈൻ വഴി രജിസ്റ്റർ ചെയ്തവർക്കെല്ലാം വാക്സിനേഷൻ ലഭിക്കാതിരിക്കുന്നതായ പരാതികൾ പരിശോധിച്ചിട്ടുണ്ടോ?

പരിശോധിച്ചിട്ടുണ്ട്. ഓൺലൈൻ മുഖാന്തരം രജിസ്റ്റർ ചെയ്തവർക്ക് വാക്സിന്റെ ലഭ്യതയ്ക്കനുസരിച്ച് സ്ലോട്ടുകൾ അനുവദിച്ച് വാക്സിനേഷൻ ലഭിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) മാനദണ്ഡങ്ങൾ പാലിച്ച് എല്ലാവർക്കും വാക്സിനേഷൻ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

മാനദണ്ഡങ്ങൾ പാലിച്ച് എല്ലാവർക്കും വാക്സിൻ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. വാക്സിന്റെ ലഭ്യതയനുസരിച്ച് ക്യാമ്പയിൻ സംഘടിപ്പിച്ച് എല്ലാവർക്കും വാക്സിൻ നൽകിവരുന്നു.

(ഡി) കമ്പ്യൂട്ടർ, സ്മാർട്ട് ഫോൺ സൗകര്യമില്ലാത്തവർക്കും ഇന്റർനെറ്റ് സൗകര്യമില്ലാത്തവർക്കും ഓൺലൈൻ വഴി രജിസ്റ്റർ ചെയ്യുന്നതിന് എന്ത് ബദൽ സംവിധാനമാണ് ഒരുക്കാൻ ഉദ്ദേശിക്കുന്നത്?

കമ്പ്യൂട്ടർ, സ്മാർട്ട് ഫോൺ സൗകര്യമില്ലാത്തവർക്കും ഇന്റർനെറ്റ് സൗകര്യം ഇല്ലാത്തവർക്കും പ്രതിരോധ കുത്തിവയ്പ്പ് സംഘടിപ്പിക്കുന്നതിനായി സർക്കാർ "WAVE-Work Along For Vaccine Equity" എന്ന ക്യാമ്പയിൻ ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത ക്യാമ്പയിൻ വഴി ആശാവർക്കർമാരെ ഉപയോഗിച്ച് കോവിഡ് പ്രോട്ടോക്കോൾ പാലിച്ച് വീടുകൾ സന്ദർശിച്ച് വാക്സിൻ രജിസ്ട്രേഷൻ ചെയ്യാനുള്ള സഹായം ചെയ്തുവരുന്നു.

കുട്ടികളുടെ സംരക്ഷണം

265 (4990) ശ്രീ. കെ. ബാബു (നെന്മാറ): താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അച്ഛനും അമ്മയും മരണപ്പെട്ടതോ, ഉപേക്ഷിക്കപ്പെട്ടതോ ആയ കുട്ടികളുടെ സംരക്ഷണത്തിനായി എന്തെല്ലാം സഹായങ്ങളാണ് നടപ്പിലാക്കുന്നതെന്ന് വിശദമാക്കുമോ?

മാതാപിതാക്കൾ മരണപ്പെട്ട് അനാഥരാകുന്ന ഏതൊരു കുട്ടിയും ബാലനീതി നിയമപ്രകാരം ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ള ഗണത്തിൽപ്പെടുന്നു. പ്രസ്തുത കുട്ടികൾക്കായി സംയോജിത ശിശുസംരക്ഷണ പദ്ധതിപ്രകാരം സ്ഥാപന സംരക്ഷണം സ്ഥാപനേതര സംരക്ഷണം എന്നീ പുനരധിവാസ മാർഗ്ഗങ്ങളാണുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു : സ്ഥാപന സംരക്ഷണം - ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ള

LIBRARY ARCHIVES Kerala Legislative Assembly